പതിമൂന്നാം കേരളനിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1968 — 17.03.2015 ൽ മറുപടിക്ക്

## വിദ്യാർത്ഥികൾക്കായി നിരീക്ഷണ പോലീസ് സംവിധാനം

| ചോദ്യം | | മറുപടി |
|---|---|---|
| | ശ്രീ.പി.തിലോത്തമൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| എ) | സ്കൂൾ വിദ്യാർത്ഥികൾ മയക്കുമരുന്നുകളുടെയും മറ്റ് കുറ്റകൃത്യങ്ങളുടെയും പാതയിലേയ്ക്ക് പോകാതിരിക്കുവാൻ പോലീസ് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദീകരിക്കാമോ; | (എ) യും (ബി) യും ഇത്തരം സാഹചര്യം ഇല്ലാതാക്കുന്നതിന് ജനമൈത്രി പോലീസ്, ജാഗ്രതാ സമിതികൾ, പി.ടി.എ., സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി), സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, റസിഡൻസ് അസോസിയേഷൻ എന്നിവ മുഖാന്തിരം ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. മയക്കുമരുന്ന് മാഫിയകളെ സ്കൂൾ പരിസരങ്ങളിൽ കണ്ടെത്തിയാൽ രഹസ്യമായി വിവരം അറിയിക്കുവാൻ സ്കൂൾ തലത്തിൽ എസ്.പി.സി. സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (എസ് പി ജി) സ്കൗട്ട്സ് ആന്റ് ഗൈഡ്സ് എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങൾ, ബസ് സ്റ്റാന്റുകൾ, ബസ് സ്റ്റോപ്പുകൾ, റെയിൽവേ സ്റ്റേഷൻ തുടങ്ങിയ സ്ഥലങ്ങളിൽ നാർക്കോട്ടിക് സെൽ/ ഷാഡോ പോലീസ് വിഭാഗത്തിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ചുമതലപ്പെടുത്തി സ്പെഷ്യൽ ഡ്രൈവ് നടത്തിയും പോലീസ് സ്റ്റേഷനുകളിൽ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചും ഇത്തരം ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രത്യേക അന്വേഷണത്തിനായി മഫ്ടിയിലും അല്ലാതെയും പോലീസിനെ നിയോഗിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ |
| (ബി) | സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ഒരു നിരീക്ഷണ പോലീസ് സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ; | |

പിടികൂടാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സ്കൂൾ പരിസരങ്ങൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഡ്രൈവുകളും റെയ്ഡുകളും നടത്തി ലഹരി വസ്തുക്കളെയും വിൽപ്പന നടത്തുന്നവരെയും കണ്ടെത്തി കേസുകൾ എടുത്ത് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സ്കൂൾ വിദ്യാർത്ഥികളെ മയക്കമരുന്നിനെതിരെ ജാഗ്രത പുലർത്തുന്നതിനുവേണ്ടി സംസ്ഥാനത്ത് ആഭ്യന്തര, വിദ്യാഭ്യാസ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടുകൂടി "ക്ലീൻ ക്യാംപസ് സേഫ് ക്യാംപസ്" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികൾക്കുപുറമേ സ്കൂൾ കോളേജ് പരിസരങ്ങളിലെ കടകളിലും മറ്റും പോലീസ് റെയ്ഡുകൾ നടത്തി പുകയില ഉൽപ്പന്നങ്ങളും പാൻ മസാലകളും മറ്റ് മയക്കമരുന്ന് ഉൽപ്പന്നങ്ങളും പിടിച്ചെടുക്കുകയും നിയമാനുസൃതമായ നടപടികൾ എടുക്കുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ